**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – റോഡ് പുനരുദ്ധാരണ പദ്ധതി–അധിക മാർഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (എഫ്.എം)വകുപ്പ്**

സ.ഉ.(സാധാ)നമ്പർ. 354/2011/തസ്വഭവ തിരുവനന്തപുരം, തീയതി: 02–02–2011

പരാമർശം: 1. സ.ഉ.(എം.എസ്) നം.11/2010/തസ്വഭവ;തീയതി 15.01.2010
2. സ.ഉ(എം.എസ്) നം.56/2010/തസ്വഭവ; തീയതി 20.03.2010
3. സ.ഉ(സാധാ)നം. 1906/2010/തസ്വഭവ; തീയതി 09.06.2010
4. സ.ഉ.(സാധാ)നം.158/2011/തസ്വഭവ; തീയതി 17.01.2011
5. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതിയുടെ 25.01.2011–ലെ യോഗത്തിലെ 1.4–ാം നമ്പർ തീരുമാനം.

# ഉത്തരവ്

തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് സർക്കാർ ഒരു "റോഡ് പുനരുദ്ധാരണ പദ്ധതി" ആവിഷ്ക്കരിക്കുകയും ഈ പദ്ധതിക്കുള്ള അധിക വിഹിതമായി ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റകൾക്കും കോർപ്പറേഷനുകൾക്കും പരാമർശം 3 പ്രകാരം ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിൽ ചില തടസങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. റോഡ് പുനരുദ്ധാരണ പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് സർക്കാർ ചുവടെ വിവരിക്കുന്ന അധിക മാർഗനിർദ്ദേശങ്ങൾ നൽകി ഉത്തരവാകുന്നു.

2. ജില്ലാ പഞ്ചായത്തുകൾക്ക് അനുവദിച്ച അധിക വിഹിതം വിനിയോഗിച്ച് മറ്റ് ജില്ലാ റോഡുകളുടെയോ (ODR) പൊതുമരാമത്ത് വകുപ്പ് കൈമാറ്റം ചെയ്ത റോഡുകളുടെയോ അറ്റകുറ്റപ്പണികൾ മാത്രമേ നടത്താൻ പാടുള്ളൂവെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ കൈമാറിയ റോഡുകൾ സംബന്ധിച്ച് ഉടമസ്ഥാവകാശതർക്കവും അവ്യക്തതയും നിലനിൽക്കുന്നത് കാരണം പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ കഴിയുന്നില്ലെന്നും തുക വിനിയോഗിക്കാൻ ബുദ്ധിമുട്ട് നേരിടുകയാണെന്നും അതേസമയം തങ്ങൾ കാലാകാലങ്ങളായി അറ്റകുറ്റപ്പണി നടത്തിവരുന്ന ഗ്രാമീണ റോഡുകൾ പലതും ശോച്യാവസ്ഥയിലാണെന്നും ആ റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് അധിക വിഹിതം വിനിയോഗിക്കാൻ അനുമതി നൽകണമെന്നും ചില ജില്ലാ പഞ്ചായത്തുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. പരാമർശം 3–ലെ ഉത്തരവിന്റെ ഖണ്ഡിക 7.1–ൽ പ്രതിപാദിച്ചിട്ടുള്ള പ്രവൃത്തികൾ ഏറ്റെടുത്തതിനുശേഷം വിഹിതം ബാക്കിയുണ്ടെങ്കിൽ ജില്ലാ പഞ്ചായത്തുകൾ വാർഷിക പദ്ധതിയുടെ ഭാഗമായി കാലാകാലങ്ങളായി അറ്റകുറ്റപ്പണി നടത്തി വരുന്ന ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും അധിക വിഹിതം വിനിയോഗിക്കാവുന്നതാണെന്ന് വ്യക്തമാക്കുന്നു.

3. 135 ബ്ലോക്ക് പഞ്ചായത്തുകൾ ഇതിനകം പദ്ധതി നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ച് അംഗീകാരം നേടിയിട്ടുണ്ടെങ്കിലും അനുമതി നേടിയ ചില ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം അനുവദിച്ച അത്രയും തുകയ്ക്ക് പ്രവൃത്തികൾ ഏറ്റെടുക്കാൻ കഴിയുന്നില്ലെന്നും മാനദണ്ഡങ്ങളിൽ ഇളവ് ആവശ്യമാണെന്നുമുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ പരാമർശം 3–ലെ ഉത്തരവിന്റെ ഖണ്ഡിക 7.2–ൽ പ്രതിപാദിച്ചിട്ടുള്ള പ്രവൃത്തികൾക്ക് പുറമെ താഴെപ്പറയുന്ന പ്രവൃത്തികൾ കൂടി ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണെന്ന് വ്യക്തമാക്കുന്നു.

(1) എസ്.ജി.ആർ.വൈ, ആർ.എൽ.ഇ.ജി.പി., എൻ.ആർ.ഇ.പി., ജെ.ആർ.വൈ., ജെ.ജി.എസ്.വൈ മുതലായ കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരം ത്രിതല പഞ്ചായത്തുകൾ മുൻകാലങ്ങളിൽ നിർമ്മിച്ചതോ പരിഷ്ക്കരണ പ്രവൃത്തികൾ നടപ്പാക്കിയതോ ആയ റോഡുകൾ.

(2) എം.പി.യുടെ പ്രാദേശിക വികസന പരിപാടി (MPLADS), എം.എൽ.എ.യുടെ പ്രത്യേക വികസനഫണ്ട് (MLA SDF) മുതലായവ പ്രകാരം നിർമ്മിച്ച റോഡുകൾ.

4. വിഹിതം ബാക്കിയുള്ള ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ഈ ഉത്തരവിന്റെ ഖണ്ഡിക 2, 3 എന്നിവ പ്രകാരമുള്ള പ്രവൃത്തികൾ സർക്കാരിന് സമർപ്പിച്ച് അംഗീകാരം നേടാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളം പുനസംഘടനയ്ക്ക് മുൻപുള്ള അവസ്ഥയെ അടിസ്ഥാനമാക്കി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലായിരിക്കണം പ്രവൃത്തികൾ നിർദ്ദേശിക്കേണ്ടത്. പുതിയ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനോടൊപ്പം ഇതിനകം ഏറ്റെടുത്ത പ്രവൃത്തികളുടെ പേരും തുകയും (കരാറിൽ ഏർപ്പെട്ട തുക/പ്രവൃത്തി പൂർത്തീകരിക്കുന്നതിന് വേണ്ട തുക) കൂടി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

5. അധിക വിഹിതം അനുവദിച്ചിട്ടുണ്ടെങ്കിലും താഴെപ്പറയുന്ന 17 ബ്ലോക്ക് പഞ്ചായത്തുകളും 11 മുനിസിപ്പാലിറ്റികളും ഇതുവരെയും പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ച് സർക്കാരിന്റെ അംഗീകാരം നേടിയിട്ടില്ല.

*ബ്ലോക്ക് പഞ്ചായത്തുകൾ*: ചമ്പക്കുളം, കടുത്തുരുത്തി, ഏറ്റുമാനൂർ, പാമ്പാടി, മാടപ്പള്ളി, കാഞ്ഞിരപ്പള്ളി, പറവൂർ, അങ്കമാലി, വൈറ്റില, പാറക്കടവ്, മതിലകം, നെന്മാറ, പൊന്നാനി, പെരുമ്പടപ്പ്, വടകര, പന്തലായിനി, സുൽത്താൻ ബത്തേരി.

*മുനിസിപ്പാലിറ്റികൾ* : *പരവൂർ*, അടൂർ, തിരുവല്ല, കായംകുളം, മൂവാറ്റുപുഴ, ആലുവ, ഗുരുവായൂർ, ചാവക്കാട്, കൊടുങ്ങല്ലൂർ, പൊന്നാനി, മഞ്ചേരി.

പുതിയ ഭരണസമിതികൾ നിലവിൽ വന്ന സാഹചര്യത്തിൽ ഈ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഒരവസരം കൂടി നൽകുന്നതായി വ്യക്തമാക്കുന്നു. പരാമർശം 3 പ്രകാരം മേൽപ്പറഞ്ഞ 28 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള അധിക വിഹിതം വിനിയോഗിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിച്ച് അംഗീകാരം നേടാവുന്നതാണ്. ഈ ഉത്തരവിന്റെ ഖണ്ഡിക 3-ലെയും 4-ലെയും മാർഗനിർദ്ദേശങ്ങൾ മേൽപ്പറഞ്ഞ 17 ബ്ലോക്ക് പഞ്ചായത്തുകൾക്കും ബാധകമായിരിക്കും. ഇല്ലാതായ വൈറ്റില ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തേക്ക് (മരട്, കുമ്പളം ഗ്രാമപഞ്ചായത്ത് പ്രദേശങ്ങൾക്ക്) വേണ്ടി പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിന് പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കാവുന്നതാണ്.

6. ഈ ഉത്തരവ് പ്രകാരമുള്ള പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ട അവസാന തീയതി 2011 ഫെബ്രുവരി 14 ആയിരിക്കും. ബ്ലോക്ക് പഞ്ചായത്തുകൾ ഗ്രാമവികസന കമ്മീഷണർ മുഖേനയായിരിക്കണം സർക്കാരിന് പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടത്. ജില്ലാ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും പദ്ധതി നിർദ്ദേശങ്ങൾ നേരിട്ട് സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്. പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് പരാമർശം 3-ലെ ഉത്തരവിന്റെ അനുബന്ധം 7-ആയി നൽകിയിട്ടുള്ള ഫോറം II ഉപയോഗിക്കണം.

7. റോഡ് പുനരുദ്ധാരണ പദ്ധതിക്കുള്ള അധിക വിഹിതം വികസനഫണ്ട് അക്കൗണ്ടിലേയ്ക്കാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. അധിക വിഹിതം റോഡ് മെയിന്റനൻസ് ഫണ്ട് അക്കൗണ്ടിലേയ്ക്ക് അനുവദിക്കുമെന്നുള്ള പ്രതീക്ഷയിൽ പ്രോജക്ടുകൾ തയ്യാറാക്കിയപ്പോൾ ഫണ്ട് സ്രോതസ്സായി റോഡ് മെയിന്റനൻസ് ഫണ്ട് കാണിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ അത് തിരുത്തി പൊതുവിഭാഗം വികസന ഫണ്ടായി മാറ്റേണ്ടതാണ്. അധിക വിഹിതം മേഖലാ വിഭജനത്തിന് ഉൾപ്പെടുത്തേണ്ടതില്ല.

8. റോഡ് പുനരുദ്ധാരണ പദ്ധതിക്കുള്ള അധിക വിഹിതം വിനിയോഗിച്ച് നടപ്പാക്കുന്ന പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ മുൻകൂർ അനുമതി ആവശ്യമില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇത്തരം പ്രോജക്ടുകൾ നടപടി ഉത്തരവിന്റെ ഭാഗമാക്കേണ്ടതുണ്ട്. ഇങ്ങനെ നടപടി ഉത്തരവിന്റെ ഭാഗമാക്കുന്നതിനുവേണ്ടി പ്രോജക്ടുകൾ സുലേഖ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷൻ ഉപയോഗിച്ച്

തയ്യാറാക്കുമ്പോൾ അധിക വിഹിതം വിനിയോഗിച്ച് നടപ്പാക്കുന്ന പ്രോജക്ടായി പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ഇങ്ങനെ രേഖപ്പെടുത്തുകയാണെങ്കിൽ ടി.എ.ജി. പരിശോധന ആവശ്യമില്ലാത്ത പ്രോജക്ടുകളുടെ വിഭാഗത്തിൽ ഈ പ്രോജക്ടുകൾ ഉൾപ്പെടുന്നതാണ്. ഇതിനുള്ള സൗകര്യം സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
അഡീഷണൽ ചീഫ് സെക്രട്ടറി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
8 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
9 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
10 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
11 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
12 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
13 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
14 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
15 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
16 എല്ലാ ടി.എ.ജി. ചെയർമാൻമാർക്കും മെമ്പർ സെക്രട്ടറിമാർക്കും
17 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
18 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
19 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
20 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
21 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
22 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
23 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
24 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
25 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
26 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
27 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
28 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
29 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
30 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ധനകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
5. തദ്ദേശസ്വയംഭരണ ഡി.എ/ഡി.ബി/ഡി.സി/ഡി.ഡി സെക്ഷനുകൾക്ക്